വിലയ്ക്കനുസരിച്ച് വാങ്ങുകയും ചെയ്യുന്നു. ഒരു വർഷത്തേയ്ക്കാവശ്യമായ മരുന്നുകൾ നാലു ഗഡുക്കളായിട്ടാണ് കമ്പനികൾ വിതരണം ചെയ്യുന്നത്.

(ബി),(സി)&(ഡി) ആനുവൽ ഇൻഡന്റ് അനുസരിച്ച് മാത്രമേ സാധാരണ മരുന്നു വാങ്ങാറുള്ളൂ. എങ്കിലും അടിയന്തിര ഘട്ടങ്ങളിൽ ഉപയോഗിക്കത്തക്കവണ്ണം ബഫർ സ്റ്റോക്കിനായി കുറച്ചു മരുന്നുകൾ അധികം സ്റ്റോക്ക് ചെയ്യാറുണ്ട്. അപൂർവ്വം സന്ദർഭങ്ങളിൽ ചില മരുന്നുകൾ കാലാവധി കഴിഞ്ഞ് ഉപയോഗശൂന്യമാകാറുണ്ട്. എന്നാൽ ആവശ്യവും ഉപയോഗവും തമ്മിൽ കൃത്യമായി നിയന്ത്രിക്കുന്നതുകൊണ്ട് കാലാവധി കഴിഞ്ഞുവരുന്ന മരുന്നുകളുടെ അളവ് പ്രതിവർഷം കുറഞ്ഞുവരികയാണ്.

140 (1500) ഗുണനിലവാരം കുറഞ്ഞ മരുന്നുകളുടെ നിരോധനം

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ഔഷധ കമ്പനിയിൽ നിർമ്മിക്കുന്ന ഗുണനിലവാരം കുറഞ്ഞ മരുന്നുകൾ വിപണിയിൽ ഇറങ്ങിയശേഷമാണോ നിരോധിക്കുന്നത്;

(ബി) മരുന്ന് വിപണിയിൽ ഇറങ്ങുന്നതിന് മുമ്പുതന്നെ ഗുണനിലവാരം പരിശോധിക്കാൻ സംവിധാനം ഏർപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) മരുന്ന് കമ്പനികൾ ഗുണനിലവാരം ഉറപ്പാക്കിയതിന് ശേഷമേ മരുന്നുകൾ മാർക്കറ്റിൽ ഇറക്കാൻ പാടുള്ളൂ എന്ന് നിയമമുണ്ട്. എല്ലാ മരുന്നുകളുടെയും എല്ലാ ബാച്ചുകളും വിപണിയിലെത്തിക്കുന്നതിന് മുൻപ് സർക്കാർ ലബോറട്ടറിയിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തണമെന്ന് നിയമവ്യവസ്ഥയില്ല. അത് പ്രായോഗികവുമല്ല. കൂടാതെ നിലവാരം ഉറപ്പുവരുത്തിക്കൊണ്ട് വിറ്റാലും പിന്നീട് ഔഷധത്തിന്റെ വീര്യം നഷ്ടപ്പെടാവുന്നതാണ്. വിപണിയിൽനിന്ന് സാമ്പിൾ ശേഖരിച്ച് ഗുണനിലവാരം പരിശോധിക്കുന്ന നടപടിക്രമമാണ് ഇന്ത്യയിൽ എല്ലാ സംസ്ഥാനത്തും നിലവിലുള്ളത്.

141 (1501) ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പ്രവർത്തനം

ശ്രീ. ആന്റണി രാജു :
ഡോ. കെ.സി. ജോസഫ് :
ശ്രീ. പി.സി. ജോർജ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. ടി.എസ്. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പ് കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ഡ്രഗ് ഇൻസ്പെക്ടർമാർ സംസ്ഥാനത്ത് ഇന്ന് നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇത് പരിഹരിക്കുന്നതിനുള്ള എന്തെങ്കിലും നടപടികൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഔഷധഗുണ നിയന്ത്രണ വിഭാഗം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർ ഓഫിസ് തുടങ്ങുവാനും കൂടുതൽ ഡ്രഗ്സ് ഇൻസ്പെക്ടർമാരെ നിയമിക്കുവാനും സർക്കാരിന് ഉദ്ദേശമുണ്ടോ;

(ഡി) എങ്കിൽ ഇതിന്റെ ഭാഗമായി സർക്കാർ ഇതുവരെ എന്തൊക്കെ നടപടികൾ കൈക്കൊണ്ടിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ),(ബി)&(സി) ധനലഭ്യതയനുസരിച്ച് കൂടുതൽ ഡ്രഗ്സ് ഇൻസ്പെക്ടർമാരെ നിയമിക്കുന്നകാര്യം പരിശോധിക്കാവുന്നതാണ്.

(ഡി) കഴിഞ്ഞ നവംബർ മാസത്തിൽ കണ്ണൂർ, തൃശ്ശൂർ എന്നീ ഡ്രഗ്സ് ഇൻസ്പെക്ടർ ആഫീസുകൾ വർദ്ധിച്ച അധികാരങ്ങളോടെ മേഖല ആഫീസുകളായി (അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോൾ ആഫീസ്) ഉയർത്തുകയുണ്ടായി. ഇപ്പോൾ കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ, എറണാകുളം, കൊല്ലം എന്നിവ ആസ്ഥാനമാക്കി അഞ്ച് മേഖല ആഫീസുകൾ പ്രവർത്തിക്കുന്നുണ്ട്.

142 (1502) ആശുപത്രിയിലുണ്ടാകുന്ന മാലിന്യങ്ങൾ കത്തിച്ചുകളയുവാനുള്ള സംവിധാനം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. കെ.പി. വിശ്വനാഥൻ :
ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിസ്പോസിബിൾ സിറിഞ്ച് ഉൾപ്പെടെ ആശുപത്രികളിലുണ്ടാകുന്ന മാലിന്യങ്ങൾ കത്തിച്ചു കളയുവാൻ ആശുപത്രികളിൽ നിലവിലുള്ള സംവിധാനം എന്തെല്ലാമാണ്;

(ബി) എല്ലാ ആശുപത്രികളിലും ഇൻസിനറേറ്റർ സ്ഥാപിക്കാൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട്, കോട്ടയം എന്നീ മെഡിക്കൽ കോളേജുകളിൽ ഇൻസിനറേറ്റർ ഉപയോഗിച്ച് ആശുപത്രി മാലിന്യങ്ങൾ കത്തിച്ചുകളയുന്നു. എറണാകുളം ജനറൽ ആശുപത്രിയിലും കോഴിക്കോട് ജനറൽ ആശുപത്രികളിലും ഇൻസിനറേറ്റർ സ്ഥാപിച്ചിട്ടുണ്ട്. ഡിസ്പോസിബിൾ നീഡിലുകൾ നശിപ്പിക്കുന്നതിന് നീഡിൽ ഡിസ്ട്രോയറുകൾ മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഉപയോഗിക്കുന്നുണ്ട്.

(ബി) സാമ്പത്തിക ലഭ്യതയ്ക്കനുസൃതമായി ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചുവരുന്നുണ്ട്. തൃശ്ശൂർ മെഡിക്കൽ കോളേജ് ടൗൺ ആശുപത്രിയിൽ ഇൻസിനറേറ്റർ സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. തിരുവനന്തപുരം ജനറലാശുപത്രി, തിരുവനന്തപുരം സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, കോട്ടയം ജില്ലാ ആശുപത്രി, മലപ്പുറം ജില്ലാ ആശുപത്രി,

LIBRARY ARCHIVES Kerala Legislative Assembly